# കേരള സർവകലാശാല

നം. പി.ആർ.226/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള സർവകലാശാല പി.ജി.പ്രവേശനം 2017–18– ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാത്തവർക്ക് അപേക്ഷിക്കുവാനും നിലവിൽ അപേക്ഷിച്ചിട്ടുള്ളവർക്ക് തിരുത്തലുകൾ വരുത്തുവാനും അവസരം.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/ സ്വാശ്രയ കോളേജുകൾ/സെന്ററുകളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനായി ഇതുവരേയും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കാത്തവർക്ക് 2017 ഒക്ടോബർ 21–ന് വൈകിട്ട് 5 മണി വരെ രജിസ്റ്റർ ചെയ്യാൻ അവസരം നൽകുന്നു.

ഓൺലൈനായി രജിസ്ട്രേഷൻ ചെയ്തിട്ടുള്ളവരും എന്നാൽ ഇതുവരെ അഡ്മിഷൻ ലഭിക്കാത്തവരുമായ വിദ്യാർത്ഥികൾക്കും 2017 ഒക്ടോബർ 21 വൈകിട്ട് 5 മണി വരെ സ്വന്തം ഓൺലൈൻ അപേക്ഷയിൽ മാറ്റങ്ങൾ വരുത്താം. ഓൺലൈൻ അപേക്ഷയിൽ നിലവിൽ നൽകിയിട്ടുള്ള ഓപ്ഷനുകൾ ഒഴികെ മറ്റ് തിരുത്തലുകൾ വരുത്തുന്നതിന് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിൽ നൽകിയിട്ടുള്ള ഓപ്ഷനുകളിൽ മാറ്റം വരുത്തുവാൻ അനുവാദമില്ല. ഒക്ടോബർ 21–ന് വൈകുന്നേരം 5 മണിക്ക് ശേഷം ഓൺലൈൻ അപേക്ഷയിൽ അപേക്ഷയിൽ യാതൊരു വിധത്തിലുമുള്ള തിരുത്തലുകളും ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിന് സർവകലാശാലയെ നേരിട്ട് സമീപിക്കേതില്ല. സ്വന്തം നിലയ്ക്ക് അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ തിരുത്തൽ വരുത്താൻ അപേക്ഷകർ ശ്രദ്ധിക്കേതാണ്. നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് തിരുത്തലിന് അവസരമില്ല. മാറ്റങ്ങൾ (തിരുത്തലുകൾ) വരുത്തിക്കഴിഞ്ഞവർ ഓൺലൈൻ അപേക്ഷയുടെ പുതിയ പ്രിന്റൗട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

തിരുവനന്തപുരം.
18.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098